േ യ ാ ഹ .  6 : 6 0 – 6 9

**2024 ജൂൺ 9**

# വചനഭാഷ്യം

**ഡോ. സി. ധന്യ FCC**

## നിത്യജീവന്റെ വചസ്സുകൾ

യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗമായ അടയാളങ്ങളുടെ പുസ്തകത്തിലെ ഏറെ പ്രതീകാത്മകവും ശ്രദ്ധാർഹവുമായ ഒന്നാണ് ആറാം അദ്ധ്യായം. ജീവന്റെ അപ്പമായി തന്റെ ശ്രോതാക്കളുടെ മുമ്പിൽ ഈശോ തന്നെത്തന്നെ അവതരിപ്പിക്കുന്നു. തന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ടാകും (6:25–59) എന്നും ഈശോ പഠിപ്പിക്കുന്നു. അവിടുത്തെ പ്രബോധനത്തിന്റെ ആന്തരാർത്ഥവും പ്രതീകാത്മകതയും തിരിച്ചറിയാനും ഉൾക്കൊള്ളാനും കഴിയാതെ സന്ദേഹത്തിനടിമകളായി മാറു ന്ന ജനക്കൂട്ടവും പല ശിഷ്യന്മാരും ഈശോയുടെ വാക്കുകൾ 'കഠിന'മാണെന്നു പിറുപിറുക്കുന്നു. ഇതു മനസ്സിലാക്കുന്ന ഈശോയുടെ പ്രതികരണവും തുടർസംവാദവുമാണ് ഇന്നത്തെ വചനഭാഗം (യോഹ. 6:60–69) നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്.

ആറാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തിൽ ഈശോ തന്നെത്തന്നെ ''സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവന്റെ അപ്പം'' ആയി (V.41) പ്രതിപാദിക്കുമ്പോൾ യഹൂദന്മാർ മാത്രമാണ് അവനെതിരെ പിറുപിറുക്കുന്നത്. എന്നാൽ രണ്ടാം ഭാഗത്തിൽ ''തന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകകയും... എന്നേയ്ക്കും ജീവിക്കും.'' (VV.51,56–58) എന്ന വാക്കുകൾ ശിഷ്യന്മാരെപ്പോലും സംശയത്തിലേയ്ക്കും സമ്മർദ്ദത്തിലേയ്ക്കും നയിച്ചു. കാരണം വ്യക്തം. ഈ പ്രബോധനങ്ങൾ പഴയ നിയമത്തിലെ ഉടമ്പടി നിയമങ്ങളുടെ ലംഘനത്തിലേയ്ക്കു വിരൽചൂണ്ടുന്നു (ഉല്പ. 9:4; ലേവ്യ 3:17).

ഈശോയെ നേരിട്ടു കാണുകയും കേൾക്കുകയും (VV. 25–29) ചെയ്തിട്ടും ഈശോ പ്രവർത്തിച്ച അടയാളങ്ങൾക്ക് സാക്ഷികളായിട്ടും (VV. 5–13, 16–21) ശിഷ്യന്മാരിൽ പലരും അവനെ വിട്ടുപോകുന്നു. കാരണം അവന്റെ ''വാക്കുകൾ കഠിനമായി' അവർക്കു തോന്നി (V. 60, 66). ഈശോ വ്യക്തമായി ഇത്തരുണത്തിൽ ഉദ്ബോധിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. 'പിതാവിൽ നിന്നു വരം... വരാനാവില്ല'' (V. 65). ശിഷ്യത്വത്തിന്റെ വരം ദൈവദത്തമായ ഒരു ദാനമാണ്. അതു ലഭിച്ചവനു മാത്രമേ ഈശോയെ അറിയുവാനും അനുഗമിക്കുവാനും കഴിയൂ.

ഈ ഇടർച്ച മനസ്സിലാക്കിയ ഈശോ തന്റെ പന്ത്രണ്ടു ശിഷ്യരിലേയ്ക്കു തിരിയുകയും നിങ്ങളും എന്നെ വിട്ടുപോകാൻ ആഗ്രഹിക്കുന്നുവോ'' എന്ന ചോദ്യം ഉന്നയിക്കുകയും ചെയ്യുന്നു. ശിമയോൻ പത്രോസ് മറുപടി നല്കുന്നു: ''കർത്താവേ, ഞങ്ങൾ ആരുടെ പക്കലേയ്ക്കു പോകും? നിത്യ ജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്'' (V.68). തുടർന്നുള്ള പത്രോസിന്റെ പ്രസ്താവന ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ''നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്ന്... ചെയ്തിരിക്കുന്നു (V.69). വ്യത്യസ്ത സാഹചര്യങ്ങളിൽ ഈശോയിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ പലരെയും പത്രോസിന്റെ ഈ വിശ്വാസ പ്രഖ്യാപനം ഓർമ്മപ്പെടുത്തുന്നു. ഉദാഹരണത്തിന് ഈശോയുടെ അമ്മ (2:5), സ്നാപക യോഹന്നാൻ (3:28–30); സമരിയായിലെ ഗ്രാമവാസികൾ (4:42), അവന്റെ വാക്കുകൾ വിശ്വസിച്ച രാജസേവകൻ (4:50) etc.,

എന്നാൽ ആദ്യമായി യോഹന്നാന്റെ സുവിശേഷത്തിൽ ഒരാൾ ഈശോയെ ''ദൈവത്തിന്റെ പരിശുദ്ധൻ'' ആയി തിരിച്ചറിയുകയും പ്രഘോഷിക്കുകയും ചെയ്യുന്നത് ശിമയോൻ പത്രോസിന്റെ അധരത്തിലൂടെയാണ്. ഈശോയുടെ വാക്കുകൾ നിത്യജീവൻ നല്കുന്നവയാണ് (V. 63). കാരണം 'ഈശോ ദൈവത്തിന്റെ പരിശുദ്ധൻ'' ആണ്. അർത്ഥം വ്യക്തം. ഈശോയുടെ പരിശുദ്ധി ദൈവികമാണ്. ''ദൈവത്തിന്റെ പരിശുദ്ധൻ'' എന്ന സംബോധന വിരൽ ചൂണ്ടുന്നത് പഴയനിയമത്തിലെ സദൃശമായ ചില പരാമർശങ്ങളിലേക്കു കൂടിയാണ് (2 രാജ. 4:9, ഏശ. 1:4). സമാന്തര സുവിശേഷങ്ങളിലാകട്ടെ പിശാചുബാധിതരായ വ്യക്തികളുടെ മൊഴികളിലൂടെയാണ് ഇതേ സംബോധന ഉരുവാക്കുക (മർക്കോ. 1:24; ലൂക്കാ 4:34).

അത്ഭുതങ്ങളും അടയാളങ്ങളും കാണുകയും കേൾക്കുകയും ചെ യ്തിട്ടും ഈശോയെ യഥാർത്ഥത്തിൽ അറിയാതെ വിട്ടുപോകുന്നവർ ഒരുവശത്ത്. മറുഭാഗത്ത് അവന്റെ വാക്കുകളിലെ സത്യവും ദൈവികതയും അനുഭവിച്ചറിയുവാനും ഏറ്റുപറയാനും കൃപ ലഭിച്ച ഒരു കൂട്ടം ആൾക്കാർ! ശിഷ്യത്വത്തിലേയ്ക്കുള്ള വിളി ഒരു ദാനമാണ്. ദൈവദത്തമായ കൃപയാണത്. വിശ്വസിക്കുവാനും ഏറ്റു പറ

യുവാനും ജീവിക്കാനുമുള്ള കൃപ. സ്വീകരിക്കണമോ നിരാകരിക്കണമോ എന്നു വിവേചിച്ചറിയാനുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിയുടെയും സ്വകാര്യ അവകാശമാണ്. ചിന്തിക്കാനും തിരഞ്ഞെടുക്കാനും ഉറച്ചു നിൽക്കാനും അടുത്തനുഗമിക്കുവാനും ഈ വചനഭാഗം നമ്മെ പ്രചോദിപ്പിക്കട്ടെ. കാരണം അവൻ പറഞ്ഞ വാക്കുകൾ ''ആത്മാവും ജീവനുമാണ്'' (V.63). അവൻ ദൈവത്തിന്റെ പരിശുദ്ധനാണ്'' (V.69). പിതാവിൽ നിന്നുള്ള ആ ''വരം'' നമുക്കും സ്വീകരിക്കാൻ കഴിയട്ടെ (V.64). F